LIBRARY ARCHIVES Kerala Legislative Assembly

മണ്ഡല ആസ്തി വികസന പദ്ധതി

73 (78) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ധനകാര്യവകുപ്പ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ധനകാര്യവകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിന് ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിന് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം(II)ആയി ചേർക്കുന്നു.*

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആസ്തി വികസന പദ്ധതി

74 (79) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആസ്തി വികസന പദ്ധതി പ്രഖ്യാപിച്ചതിനുശേഷം ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച ഫണ്ട് പ്രകാരം പൂർണ്ണമായും ഭരണാനുമതി നൽകിയ എത്ര നിയോജക മണ്ഡലങ്ങളാണ് സംസ്ഥാനത്തുള്ളത് ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഫണ്ട് തീരെ ചെലവഴിക്കാത്ത ഏതെങ്കിലും നിയോജകമണ്ഡലം ഉണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയൊണന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.